# പതിമൂന്നാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

**2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

2015 ..ജൂൺ 29.....-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

## 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

561/2015.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

## (2013-2016)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. മഞ്ഞളാംകുഴി അലി,
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി.

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ, എം. എൽ. എ.

ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.

ശ്രീ. പി. ടി. എ. റഹീം, എം. എൽ. എ.

ശ്രീ. വി. ശിവൻകുട്ടി, എം. എൽ. എ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ, എം. എൽ. എ.

ശ്രീ. ഇ. കെ. വിജയൻ, എം. എൽ. എ.

ശ്രീ. കെ. വി. വിജയദാസ്, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ചെയർമാനായ ഞാൻ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2014 ജൂൺ 9-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 3-6-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും മറുപടികളും രണ്ടാം ഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ചേർത്തിരിക്കുന്നു.

2015 ജൂൺ 3-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2015 ജൂൺ 3.

# റിപ്പോർട്ട്

## ഭാഗം 1

## 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ നാലാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും

### ധനാഭ്യർത്ഥന നമ്പർ XXI—ഭവനനിർമ്മാണം

ശിപാർശ

2216-80-103-99—സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

(01)—സഹായധനം

ദുർബല വിഭാഗ പാർപ്പിട പദ്ധതി നടപ്പിലാക്കിയതുവഴിയുള്ള കമ്മി നികത്തുന്നതിനായി ഈ കണക്കിനത്തിൽ 131.90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

മുൻവർഷത്തെ അപേക്ഷിച്ച് ഉയർന്ന വിഹിതം വകയിരുത്തിയിട്ടുള്ളതിനാലും വിഭവ ലഭ്യതയുടെ അഭാവത്തിലും പദ്ധതിയേതര ചെലവുകൾക്ക് കൂടുതൽ വിഹിതം നൽകാൻ കഴിയാത്തതിനാലും ധനസഹായം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ല.

(സർക്കാർ കത്ത് നമ്പർ 3934/ബി2/14/ഭവനം തീയതി 19-1-2015)

ശിപാർശ

(02)—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

സർക്കാർ സബ്സിഡി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചതുമൂലവും ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ഇനത്തിൽ 7 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

561/2015.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലുള്ള വിഹിതം ചെലവഴിച്ച് തീർന്നതിനുശേഷം ധനപുനഃക്രമീകരണംവഴി ആവശ്യമെങ്കിൽ വർക്കിംഗ് ജേർണലിസ്റ്റ് ഭവനപദ്ധതിക്ക് അധികവിഹിതം വകയിരുത്തുന്നത് പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 3934/ബി2/14/ഭവനം തീയതി 19-1-2015)

<u>ശിപാർശ</u>

(35)—<u>ലക്ഷം വീട് ബമ്പർ ലോട്ടറി—തനതുവരുമാനം</u>

എം.എൻ. ലക്ഷം വീട് ലോട്ടറിയിൽനിന്നുള്ള വരുമാനം സർക്കാരിൽനിന്നും ബോർഡിനു ലഭിക്കേണ്ടതുള്ളതിനാൽ 616 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ലക്ഷം വീട് പുനരുദ്ധാരണ ബമ്പർ ലോട്ടറിയിൽനിന്നും ലഭിച്ച അറ്റാദായമായ 6,16,63,260 രൂപ "2216-80-103-99 (35-Lakshamveedu Bumper Lottery net proceeds transferred to Kerala State Housing Board)" എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചതിനുശേഷം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് കൈമാറുന്നതിന് അനുമതി നൽകി 29-8-2014-ലെ സ.ഉ. (സാധാ.) നമ്പർ 702/2014/നി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 15947/എച്ച്1/2014/നി.വ. തീയതി 15-11-2014)

<u>ശിപാർശ</u>

4216-80-190-97—<u>കേരള സംസ്ഥാന ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ—നിക്ഷേപം</u>

ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷന് കമ്പനിയായി പ്രവർത്തിക്കുവാൻ നാഷണൽ ഹൗസിംഗ് ബാങ്കിന്റെ അനുമതി ആവശ്യമാണ്. അത് ലഭിക്കണമെങ്കിൽ കോർപ്പറേഷന്റെ Paid-up Share Capital ഏറ്റവും ചുരുങ്ങിയത് 10 കോടി രൂപയായിരിക്കണമെന്നും 10 കോടി രൂപ Paid-up Share Capital-ലായി കമ്പനി അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്തതിനുശേഷം മാത്രമേ ഹൗസിംഗ് ഫിനാൻസ്

കമ്പനിയായി പ്രവർത്തിക്കുന്നതിനുള്ള അനുമതി നാഷണൽ ഹൗസിംഗ് ബാങ്കിൽ നിന്നും നേടിയെടുക്കാൻ സാധിക്കുകയുള്ളൂവെന്നും ഇതിലേക്ക് 2013-14-ലെ ബഡ്ജറ്റ് പ്രകാരം 1 കോടി രൂപ കോർപ്പറേഷന്റെ മൂലധനനിക്ഷേപമായി വകയിരുത്തിയിട്ടുണ്ടെന്നും ശേഷിക്കുന്ന 800 ലക്ഷം രൂപ കൂടി ഇതിലേക്ക് ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ നടപ്പുവർഷത്തെ വിഹിതത്തിനുപുറമെ 800 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

2014-15 ആദ്യ ഉപധനാഭ്യർത്ഥന മുഖേന 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 3934/ബി2/14/ഭവനം തീയതി 19-1-2015)

ശിപാർശ

6216-80-190-98—സാഫല്യം ഭവന പദ്ധതി (പാർപ്പിടാവകാശ പദ്ധതി—ഭവനരഹിതരായ ആളുകൾക്കുള്ള ഭവന പദ്ധതി)

ഭവനരഹിതരായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന ഈ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലുള്ള സാമ്പത്തിക സ്ഥിതി അനുസരിച്ച് സാഫല്യം ഭവനപദ്ധതിക്ക് അധിക വിഹിതം അനുവദിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ചെലവ് ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്.

(സർക്കാർ കത്ത് നമ്പർ 3934/ബി2/14/ഭവനം തീയതി 19-1-2015)

<u>ശിപാർശ</u>

<u>സാന്ത്വനം വാടക വീട് പദ്ധതി (പ്ലാൻ)</u>

4216-(പുതിയ ശീർഷകം)

2013 വർഷത്തെ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ചേർത്തിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്ക് 700 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സാന്ത്വനം വാടക വീട് പദ്ധതിക്ക് സാമ്പത്തികവർഷത്തിലെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പരിശോധനകൾക്കുശേഷം പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനപുനർവിനിയോഗം മുഖേന അധികവിഹിതം ഉൾപ്പെടുത്തുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 3934/ബി2/14/ഭവനം തീയതി 19-1-2015)

<u>ശിപാർശ</u>

<u>മൾട്ടിലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന്—റവന്യൂ ടവർ, എറണാകുളം (നോൺ പ്ലാൻ)</u>

(6216)—പുതിയ ശീർഷകം

എറണാകുളത്ത് മൾട്ടിലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 1500 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മൾട്ടിലെവൽ പാർക്കിംഗിന് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്ന ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ കൂടി അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 3934/ബി2/14/ഭവനം തീയതി 19-1-2015)

ഭാഗം 2

## 2014-15 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിൽ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ

| *ധനാഭ്യർത്ഥന നമ്പർ* | *ശിപാർശ/ഖണ്ഡിക നമ്പർ* | *ബന്ധപ്പെട്ട വകുപ്പ്* |
|---|---|---|
| XXI—ഭവനനിർമ്മാണം | 1, 2, 3, 4, 7, 9, 10, 11, 12, 13, 14, 16, 17, 19, 20, 21, 22, 23, 24, 25, 26, 27, 30, 31 | ഭവനനിർമ്മാണ വകുപ്പ് |
| XXII—നഗരവികസനം | 32 മുതൽ 40 വരെ | തദ്ദേശസ്വയംഭരണ വകുപ്പ് |
| XXXV—പഞ്ചായത്ത് | 41 മുതൽ 47 വരെ | |
| XXXVI—ഗ്രാമവികസനം | 48 മുതൽ 50 വരെ | |

കെ. സി. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി IX.*

തിരുവനന്തപുരം,
2015 ജൂൺ 3.